LIBRARY ARCHIVES Kerala Legislative Assembly

സ്കൂൾ, കോളേജ് പരിസരങ്ങളിൽ നിരോധിത ഉല്പന്നങ്ങളുടെ വില്പന തടയുന്നതിന് നടപടി

207 (2078) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ, കോളേജ് പരിസരങ്ങളിൽ നിരോധിത ഉല്പന്നങ്ങളുടെ വില്പനയും മദ്യ-മയക്കുമരുന്ന് വില്പനയും കർശനമായി തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) വിദ്യാർത്ഥികളിൽ മയക്കുമരുന്ന് എത്തിക്കുന്ന ഗ്രൂപ്പുകളെ ഗുണ്ടാ ആക്ടിൽ ഉൾപ്പെടുത്തി അമർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി പ്രത്യേക സ്ക്വാഡിനെ നിയമിക്കുമോ ?

ഉത്തരം

(എ) സ്കൂൾ, കോളേജ് പരിസരങ്ങളിൽ നിരോധിത ഉല്പന്നങ്ങളുടെ വിൽപ്പന തടയുന്നതിനായി നിരന്തര റെയ്ഡുകൾ നടത്തുകയും പോലീസ് പട്രോളിംഗ് ശക്തിപെടുത്തുകയും ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവരെ രഹസ്യ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തി അറസ്റ്റ് ചെയ്യും കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചും ഇത്തരം ഉല്പന്നങ്ങളുടെ വ്യാപനം തടഞ്ഞുവരുന്നു. ഇതിനുപുറമേ ക്ലീൻ ക്യാമ്പസ് - സേഫ് ക്യാമ്പസ് പദ്ധതി പ്രകാരം ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് പദ്ധതി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവ മുഖേന കുട്ടികൾക്കും രക്ഷകർത്താക്കൾക്കും പൊതുജനങ്ങൾക്കും മറ്റ് വകുപ്പുകളുമായി ചേർന്ന് ബോധവത്കരണ ക്ലാസുകൾ നടത്തി വരുന്നു.

(ബി) മയക്കുമരുന്ന് വിൽപ്പനക്കാരായവർ ഗുണ്ടാ ആക്ടിന്റെ പരിധിയിൽപ്പെടുന്ന സ്ഥിരം കുറ്റവാളികൾ ആണെങ്കിൽ ടിയാന്മാരെ ഈ ആക്ട് പ്രകാരം അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതിലേക്ക് മാത്രമായി പ്രത്യേക സ്ക്വാഡിനെ ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ സ്കൂൾ, കോളേജ് പരിധികളിലെ പോലീസ് സബ്-ഇൻസ്പെക്ടർമാർക്കും സർക്കിൾ ഇൻസ്പെക്ടർമാർക്കും ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കസ്റ്റഡി മരണം

208 (2079) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കസ്റ്റഡി മരണം തടയുന്നതിനുള്ള സജ്ജീകരണങ്ങളെ സംബന്ധിച്ച് വിശദമാക്കാൻ സുപ്രീം കോടതി ആവശ്യപ്പെട്ടിരുന്നോ ;

(സി) ഇതിന് മറുപടി നൽകിയിരുന്നോ ; എങ്കിൽ ആ മറുപടി എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 10 കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

സഹീദയുടെ മരണം സംബന്ധിച്ച കേസ്

209 (2080) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് അമ്പലത്തറ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പാറപ്പള്ളിയിൽ 2014 ഒക്ടോബർ 3-ന് സഹീദ എന്ന സ്ത്രീ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ എത്ര പ്രതികളാണ് കേസ്സിൽ ഉള്ളത് ; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ബി) സഹീദയുടേത് ദുരൂഹമരണമാണെന്ന് സംശയിക്കാൻ കാരണമെന്താണ്; പ്രസ്തുത കേസ് ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) സഹീദ എന്ന സ്ത്രീ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് കാസർഗോഡ് അമ്പലത്തറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 413/2014 പ്രകാരം അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികൾ ആരെങ്കിലും ഉള്ളതായി കണ്ടെത്തിയിട്ടില്ല.

(ബി) മേൽപ്പറഞ്ഞ കേസിന്റെ അന്വേഷണത്തിൽ സഹീദയുടെ മരണം ദുരൂഹമാണെന്ന് വെളിവായിട്ടില്ല. കൂടാതെ, തദ്ദേശീയരായ ആക്ഷൻ കമ്മിറ്റി ആവശ്യപ്പെട്ടതുപ്രകാരം ടി കേസ് തുടരന്വേഷണത്തിനായി ജില്ലാ ക്രൈം ബ്രാഞ്ചിന് കൈമാറുവാൻ ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly